RN.NO.70681\97. POSTAL.L.NO. G.KCH.118 /2009- 2011

# ഹാപ്പി വോയ്സ്

## സന്തോഷ ധ്വനി

VOL.23 DECEMBER NO.12



ജി.ബി.ബി.ഐ പ്രവർത്തനഫലമായി പുതിയ നിയമ ഉപദേശത്തിനനുസരിച്ച് മുന്നോട്ടു വരുവാൻ തീരുമാനമെടുത്ത ഗാൽക്കഡി ഗ്രാമത്തിലെ ഒരു സ്വതന്ത്ര സഭയിലെ വിശ്വാസികളോടും സുവിശേഷകനോടും കൂടെ ബ്രദർ. സൈമൺ പയ്യന്നൂർ.( പേജ് 12 കാണുക)

**ഹാപ്പിവോയ്സ് 24-ാം വയസ്സിലേക്ക്!!!**

## Gujarat Brethren Bible Institute
## Out Reach Work

പ്രീയ പ്രാർത്ഥനാ സ്നേഹികളെ, ദൈവഹിതമായാൽ ജി.ബി.ബി.ഐ യുടെ 10-ാം ബാച്ചിന്റെ ഗ്രാമങ്ങളിലുള്ള പരസ്യ പ്രവർത്തനം 2012 ഫെബ്രുവരിയിൽ 11 മുതൽ 23 വരെ വെസ്റ്റ് ബംഗാളിൽ നടത്തുവാനായി തീരുമാനിച്ചിരിക്കുന്നു. ജി.ബി.ബി.ഐ യിൽ പഠിച്ച് ഇപ്പോൾ കർ ത്താവിന്റെ വേലയിലായിരിക്കുന്ന 3 സഹോദരൻമാർ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

11 വിദ്ധ്യാർത്ഥികളും രണ്ടു സ്റ്റാഫും അടക്കം 13 പേരാണ് ഇവിടെ നിന്നും കടന്നുപോകുന്നത്. 65 ഗ്രാമങ്ങളിൽ പ്രവർത്തനം നടത്തുവാനും 10 രാത്രിയോഗങ്ങൾ നടത്തുവാനുമാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിനോടനുബന്ധിച്ചുള്ള ആവശ്യങ്ങൾ സ്വർഗ്ഗത്തിലെ ദൈവം തന്റെ ജനങ്ങളിലൂടെ നിറവേററിത്തരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജി.ബി.ബി.ഐ വിശ്വാസത്താൽ നടക്കുന്ന ഒരു ശുശ്രൂഷയാണ്. രണ്ടാഴ്ചത്തെ പ്രവർത്തനത്തിന് ഭാരിച്ച ചിലവുകൾ ഉണ്ട്.ദൈവാത്മാവ് പ്രേരണ തരുന്നവർ സഹകരിച്ചാലും.

simonpayyanur @sancharnet.in. Simon Payyanur- Cell.09825169406.

# BRETHREN CONVENTION

**PLACE:**

VANOTI VILLAGE- KHEDA DISTRICT, GUJARAT

**DATE:**

JANUARY 17 ,18 - 2012

Pray...Pray

**Speakers:**

Bro.M.V.BABU - KALLISSERY
(Chief Editor-Niyogam Pathram)


Bro.E.S.THOMAS - EDAYARANMULA

ORGANISED BY:
GUJARAT BRETHREN BIBLE INSTITUTE

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125
Type Set & Lay Out EBENEZER GRAPHICS. Gandhidham224763.

VOL.23. *Happy Voice -* സന്തോഷ ധ്വനി 2011 NO.12

പത്രാധിപർ എഴുതുന്നു;-



# ശൈലി മാററം

ഹാപ്പിവോയ്സിന്റെ ശൈലിക്ക് ഈ ലക്കം മുതൽ മുൻ കാലങ്ങളിൽ നിന്നും ഒരു വ്യത്യസ്ഥത ഞങ്ങൾ വരുത്തുകയാണ്. കഴിഞ്ഞ നാളുകളിൽ നമ്മുടെയിടയിലെ നിരവധി വിഷയങ്ങൾക്കും വ്യക്തികൾക്കും എതിരെ പരസ്യമായി തൂലിക ചലിപ്പിച്ച ചരിത്രമാണ് ഹാപ്പിവോയ്സിന്റേത്. ശക്തമായ രീതിയിലും കടുത്ത ഭാഷയിലും പേരുകൾ വെച്ച് ഞങ്ങൾ നിരവധി കാര്യങ്ങൾ കുത്തിക്കുറിച്ചിരുന്നു. ഞങ്ങൾ എഴുതിയതിലോ എഴുതുന്നതിലോ ഒട്ടും അതിശോക്തിയില്ലെന്നു വിരോധികൾ പോലും പറയും. എന്നെയും ശുശ്രൂഷകളെയും വേരോടെ പിഴുതെറിയുവാൻ ചിലർ ശ്രമിച്ചപ്പോൾ അതിന് അറിഞ്ഞോ അറിയാതെയോ ഈയുള്ളവനെയോ ശുശ്രൂഷകളെയോ കാണാത്തവർപോലും കൂട്ടുനില്ക്കുകയുണ്ടായി. കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാതെ കേട്ടു വിശ്വസിക്കുന്നവരായതിനാലാണ് ഇപ്രകാരം സംഭവിച്ചത്. ശുശ്രൂഷകളിൽ നിരവധി തിക്താനുഭവങ്ങളിൽ കൂടി കടന്നുപോകേണ്ടി വന്നപ്പോൾ സ്വാഭാവികമായും തൂലികയിലൂടെ കുത്തിക്കുറിക്കപ്പെട്ട വരികൾ എനിക്കെതിരെ പ്രവർത്തിച്ചവർക്ക് വിമർശനമായി തോന്നുകയും വൈരാഗ്യബുദ്ധിയോടെ എനിക്കെതിരെ പ്രവർത്തിക്കയും ചെയ്തു. അവരാരോടും ഈ ലേഖകന് അല്പം പോലും വിദ്വേഷമില്ല. പ്രത്യുത അവരോട് നന്ദി മാത്രമെയുള്ളു. കാരണം ഈയുള്ളവന്റെ പ്രവർത്തനത്തിന് ഇത്ര ശക്തി പകർന്നത് ഒരളവിൽ ഇങ്ങനെയുള്ളവരുടെ എതിർപ്പുകൾ ആയിരുന്നു.

എന്നാൽ പല കാര്യങ്ങളും മുഖം നോക്കാതെ പേര് വെച്ച് എഴുതിയതിനാൽ പലർക്കും പ്രയാസത്തിന് കാരണമായി എന്നാണ് മനസ്സിലാകുന്നത്. അതിൽ നിർവ്യാജം ഖേദിക്കുന്നു. ഏവരെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്താണ് ഹാപ്പിവോയ്സിന്റെ ശൈലിക്ക് മാററം വരുത്തുവാൻ കാരണമെന്ന് വായനക്കാർ ചിന്തിക്കുമായിരിക്കും. നിരവധി വ്യഖ്യാനങ്ങൾ കേൾക്കുകയും ചെയ്തെന്നിരിക്കും. അതിനാൽ ചില കാര്യങ്ങൾ തുറന്നു പറയുകയാണ്.

ബ്രദർ.ഫിലിപ്പ് കുട്ടി- പുനലൂർ ചില ദിവസങ്ങളിലെ ശുശ്രൂഷയ്ക്കായി ഇവിടെ വരുവാൻ തീരുമാനിച്ചപ്പോൾ അകത്തുനിന്നും പുറത്തു നിന്നും നിരവധിപേർ ഇവിടെ വരാതിരിക്കുവാനായി കഠിനപ്രയ്ത്നം ചെയ്തു. (ആരുടെയും പേരുകൾ പരസ്യമാക്കുവാൻ ആഗ്രഹിക്കുന്നില്ല). എന്നാൽ എന്നെയോ പ്രവർത്തനങ്ങളെയോ ഒരിക്കൽപോലും കാണാത്ത ബ്രദർ.ഫിലിപ്പ് കുട്ടി- സകലരെയും തൃണവൽഗണിച്ചുകൊണ്ട് ഇവിടേക്ക് കടന്നു വരികയും ചെയ്തു.



ഒരുമിച്ചുണ്ടായിരുന്ന ആറുദിവസങ്ങൾ തികച്ചും ആത്മിയ പ്രചോദനം നല്കിയ ദിനങ്ങളായിരുന്നു. പ്രത്യേകിച്ച് ഗാന്ധിധാമിൽ നടക്കുന്ന ബൈബിൾ സ്കൂൾ, സഭ, പുതിയ പ്രവർത്തനങ്ങൾ എന്നിവയൊക്കെ നേരിട്ടു കാണുകയും ശുശ്രൂഷകളിൽ പങ്കെടുക്കുയും ചെയ്തു. ഹാപ്പി വോയ്സിന്റെ കടുത്ത വിമർശനാത്മക ശൈലിയിൽ മാററം വരുത്തണമെന്നും നമ്മുടെയിടയിലെ അനാത്മികമായ വിഷയ്ങ്ങളെ വചനത്തിന്റെ അടിസ്ഥാനത്തിൽ കഠിനമായ ഭാഷയും, വ്യക്തികളുടെ പേരുകൾ ഒഴിവാക്കിയും വിമർശിക്കണമെന്നും ബ്രദർ.ഫിലിപ്പ് കുട്ടി പറഞ്ഞപ്പോൾ അത് നല്ലതും സ്വീകാര്യമായതുമായ ഒരു ആലോചനയായാണെന്നും മനസ്സിലാക്കി. വിമർശിക്കരുത് എന്നല്ല പ്രത്യുത വിമർശനത്തിൽ മാററം വരുത്തണമെന്നാണ് പറഞ്ഞത്. അതാണ് ബ്രദർ.ഫിലിപ്പ് കുട്ടിയുടെ വാക്കുകൾ പ്രാർത്ഥനാ പൂർവ്വം മുഖവിലയ്ക്കെടുക്കുവാൻ കാരണം.

ഞങ്ങളുടെ അന്വേഷണത്തിൽ നിന്നും ബ്രദർ.ഫിലിപ്പ് കുട്ടി പ്രായോഗിക ജീവിതം ഉള്ള വ്യക്തിയും, സുവിശേഷ സ്നേഹിയുമാണെന്നും മനസ്സിലാക്കിയതിനാൽ ക്രിസ്തുവിൽ ഒരു ജേഷ്ഠ സഹോദരന്റെ ഉപദേശമായി ആ വാക്കുകളെ അംഗീകരിക്കയും ചെയ്തതിനാൽ കഠിനമായ വാക്കുകളും, വ്യക്തികളുടെ പേരുകളും ഒഴിവാക്കി തികച്ചും വ്യത്യ സ്ഥമായ ഒരു ശൈലിയിലായിരിക്കും ഹാപ്പിവോയ്സ് പുതുവർഷം മുതൽ നിങ്ങളുടെ കരങ്ങളിലെത്തുക.

ഗോസ്പൽ മിഷൻ ഓഫ് ഇന്ത്യാ സെക്രട്ടറി ബ്രദർ.ജോസഫ് രാജുവും ഹാപ്പിവോയ്സിന്റെ ശൈലി മാററുവാൻ ഈ ലേഖകനെ പ്രോത്സാഹിപ്പിച്ചത് നന്ദിപൂർവ്വം ഓർക്കുന്നു.

ആയിതിനാൽ വിവാദവിഷയങ്ങളും, വ്യക്തി വിവരങ്ങളും, സഭാ രാഷ്ട്രീയവും, ഇനി ഞങ്ങളെ അറിയിക്കാതിരിക്കുക. അറിയിച്ചാൽ തന്നെ പ്രതികരിക്കയില്ലായെന്നും മനസ്സിലാക്കുക.

സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കൈ അനുകൂലമായതിനാൽ ദൈവം തന്നിരിക്കുന്ന എളിയ കൃപയ്ക്കനുസരിച്ച് എളിയനിലയിൽ ദൈവ നാമമഹത്വത്തിനായി പ്രവർത്തിക്കുന്നു. തുടർന്നും അതാണാഗ്രഹവും. ജീവിത വിശുദ്ധിയിലും, ഉപദേശ വിഷയത്തിലും മനുഷ്യരുടെയും ദൈവത്തിന്റെയും മുമ്പാകെ നൂറു ശതമാനം പ്രാഗത്ഭ്യം ഈ സമയം വരെ വച്ചുപുലർത്തുവാൻ ദൈവം അനുവദിച്ചിട്ടുണ്ട്.എഴുത്തും ജീവിതവും രണ്ടായികൊണ്ടുനടക്കാറുമില്ല. ദൈവം ഇവിടെ ചെറിയ ഒരു സഭയും ബൈബിൾ ഇൻസ്റ്റിററ്യൂട്ടും,പ്രസിദ്ധീകരണവും ഒക്കെ തന്നിട്ടുണ്ട്. കൂടാതെ ഗ്രാമങ്ങളിൽ പ്രവർത്തിക്കുവാൻ ധാരാളം വഴികളും ഒരുക്കിയിട്ടുണ്ട്. പ്രാദേശിക ഭാഷക്കാരും സാധാരണക്കാരായ 8 സുവിശേഷകൻമാരും പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. യജമാനന്റെ വേലയിൽ കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ശുശ്രൂഷയിൽ മുന്നേറണമെന്നതാണ് ആഗ്രഹം.

ആയതിനാൽ ഹാപ്പിവോയ്സ് ശൈലി മാററുന്നു. അഭിപ്രായം സ്വാഗതാർഹം. ദൈവജനം പ്രാർത്ഥിക്കുക.ഏവരെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ. ഞങ്ങളെ പ്രാർത്ഥനയിൽ ഓർക്കുന്ന ഏവർക്കും നന്ദി.

**(SP)**

# ഇച്ഛാ ശക്തി

V.M.John-Chethackal

വേദാന്തപ്രകാരം ഈശ്വരനുള്ള ശക്തി ത്രയത്തിൽ ഒന്നാണ് ഇച്ഛാ ശക്തി. ഇച്ഛയാകുന്ന ശക്തിയാലാണ് ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത്. ഇച്ഛിക്കുക എന്നതിന്: ആഗ്രഹിക്കുക, സുഖപ്രദങ്ങളായ വസ്തുക്കളെ കാംക്ഷിക്കുക എന്നർത്ഥവും ഈ പദത്തിനുണ്ട്. ചില അവസരത്തിൽ അധികമായ ആഗ്രഹം(ഉൽക്കർടേച്ഛ) ഹൃദയത്തിൽ തോന്നുക പതിവായിരിക്കും. ഒന്നുകിൽ അത് നമ്മെ നൻമയിലേക്കോ അല്ലെങ്കിൽ തിൻമയിലേക്കോ നയിക്കാൻ ഏറെ സാദ്ധ്യതയുണ്ട്. ഇച്ഛയിൽ അടങ്ങിയിരിക്കുന്ന അപാരമായ ശക്തിയെപ്പററി പരിചയം അനേകർക്കും കുറവാണ്. ഇച്ഛയുടെ ദുർവിനിയോഗം നിമിത്തം സഭയിൽ പേരു ദോഷം(ചീത്തപേര്) സമ്പാദിച്ചവരെ സമൂഹത്തിലും സഭയിലും കണ്ടെത്താനാകും. പല വിഷയങ്ങളെക്കുറിച്ച് അനേകം തവണ പ്രഭാഷണം കേട്ടിട്ടുള്ളവരാണ് നമ്മൾ. എന്നാൽ നമ്മുടെ ഇച്ഛകളെ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ച് പരിഗണിക്കാതെ വരുന്നതെല്ലാം തലേവര എന്ന അർത്ഥത്തിൽ നിസാരമായി കരുതി ഉപേക്ഷിക്കയാണ് ചെയ്യുന്നത്. ഇത് വളരെ ദോഷകരമാണെന്ന് നാം ഓർത്തിരിക്കണം.

ഒരു ശക്തമായ പ്രാർത്ഥനാ ജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള അടിസ്ഥാനം ഇച്ഛയാണ്. എല്ലാ ആത്മികതയുടെയും വളർച്ചയും തളർച്ചയും ഇച്ഛാ ശക്തിയിലടങ്ങിയിരിക്കുന്നു. മനുഷ്യന്റെ ക്ഷണികമായ ഒരാഗ്രഹമോ, ആശയോ അല്ലെങ്കിൽ അഭിലാഷങ്ങളോ അർത്ഥമാക്കുന്നതിനാണ് നാം ഈ പദം ഉപയോഗിക്കാറുള്ളത്. ഒരിക്കലെങ്കിലും നമ്മിൽ ഉരുത്തിരിയുന്ന ഇച്ഛയുടെ ആഴം അളക്കുവാൻ കഴിയാതാകുന്ന അനുഭവം ഉണ്ടായിട്ടുണ്ടാകാം. ഇത് ഏതിനെങ്കിലും വേണ്ടിയുള്ള വികാര മൂർച്ഛയാണ്. ഇച്ഛയുടെ പവിത്രത നമ്മുടെ ഭാവിക്ക് അനുപേക്ഷണീയമാണ്. ഇച്ഛ നമ്മുടെ ജീവിതത്തിൽ എങ്ങനെ ഉടലെടുക്കുന്നുവോ അതിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവൃത്തി നമ്മിൽ വെളിപ്പെടുന്നത്. മദ്യപാനം, പുകവലി,ലൈംഗികത, മ്ളേച്ഛമായ മററ് കാര്യങ്ങൾ, തെററായ പണ സമ്പാദന മാർഗ്ഗങ്ങൾ എന്നിത്യാദി ഇച്ഛാവലയിൽ കുടുങ്ങി രക്ഷപ്പെടാൻ ശ്രമിച്ചിട്ടും സാധിക്കാത്ത അനേകർ സഭകളിലും സമൂഹത്തിലും ഉണ്ട്. തീഷ്ണമായ ഇച്ഛയുടെ അഗ്നിയാൽ നല്ലമാർഗ്ഗത്തിൽ തുടരുന്നവരും അതേ അഗ്നിയാൽ ദഹിച്ചുപോയവരും ഉണ്ട്.

ആദിമ സഭയുടെ പ്രകൃത്യാതീതമായ വിജയത്തിന്റെ രഹസ്യങ്ങളിൽ ഒന്ന് അവരുടെ ഐക്യത എന്ന ഇച്ഛയായിരുന്നു. അവരെപ്പററി പറയുന്നത്, അവർ എല്ലാവരും ഏക മനസ്സുള്ളവരായിരുന്നു എന്നാണ്. അവർക്ക് അവരുടെ ഉപദേശത്തിലും,പ്രാർത്ഥനയിലും, ശുശ്രൂഷയിലും ഏകീകരിക്കപ്പെട്ട ഇച്ഛയുണ്ടായിരുന്നു എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. ➲4



കാരണം അവരുടെ ഇച്ഛകളിലും വിശ്വാസത്തിലും ഏക മനസ്സുള്ളവരായിരുന്നതിനാൽതന്നെ. വിശ്വാസികൾക്ക് ഇച്ഛയുടെ ഐക്യത ആവശ്യമായിരിക്കുന്ന മേഖലകൾ കണ്ടെത്തേണ്ട ചില കാര്യങ്ങൾ: ഒന്നാമതായി സ്ത്രീ പുരുഷൻമാരുടെ രക്ഷ. ഇതിന് ഗണ്യമായ മുൻഗണന ഉണ്ടായിരിക്കണം. മനുഷ്യരുടെ കൂട്ടം കൂട്ടമായുള്ള മനം തിരിവിനെപ്പററി അപ്പോസ്തല പ്രവർത്തികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആക്കാലയളവിലെപ്പോലെ തന്നെ സഭയുടെ പരിപാടികളിൽ അതിന്റേതായ സ്ഥാനം ഇന്നുമുണ്ട്.

പെന്തകോസ്ത് നാളിൽ 3000 പേർ രക്ഷിക്കപ്പെട്ടതായി അ.പ്ര 2:41-ൽ നാം കാണുന്നു. അതുപോലെ അ.പ്ര 4:4-ൽ ഒരേ സമയത്തു 5000 പേരെ കർത്താവിനുവേണ്ടി നേടിയതായി വായിക്കുന്നു. എന്നിരുന്നാലും അ.പ്ര.2:47-ൽ നഗരത്തിലെ സഭയുടെ സുവിശേഷപ്രവർത്തനത്തിന്റെ മാതൃക കാണുന്നു... കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു. ഇങ്ങനെ കൂട്ടം കൂട്ടമായി ആത്മാക്കൾ സഭയോട് ചേരുന്നതിന് സഭ ഒത്തൊരുമിച്ച് ചെയ്യുന്ന സുവിശേഷ പ്രവർത്തനങ്ങളെ ആശ്രയിച്ചിരുന്നു. എന്തായാലും ക്രമാനുഗതമായ ആത്മാക്കളെ രക്ഷിക്കുകയെന്നല്ലാതെ മററ് ഒന്നും പകരമായി വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നില്ല. സഭകൾ ഇത് ഉൾക്കൊണ്ടുകഴിയുമ്പോൾ മാത്രമെ പഴയ സ്ഥിതി കൈവരിക്കുവാൻ കഴിയുകയുള്ളു. ദൈവം ആത്മാക്കളുടെ രക്ഷ സഭയ്ക്കുവേണ്ടിയുള്ള തന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു എങ്കിൽ സഭ അതിന്റെ ശൈശവത്തിൽതന്നെ നശിച്ചുപോകുമായിരുന്നു. അങ്ങനെ സംഭവിക്കാത്തതിനാൽ സ്തോത്രം. ആത്മാക്കൾ സഭയോടു ചേരുന്നതിനുവേണ്ടി വിശ്വാസികളും സഭയും ഇച്ഛിക്കയും അതിനുവേണ്ടി വിശ്വസിക്കയും പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്യുന്നത്ര നാളും സഭ നശിച്ചുപോകയില്ല. നമ്മിലുള്ള പരിശുദ്ദാത്മ ദൂതും അനുഭവങ്ങളും അതിനു വിരോധമായ ഒന്നിനോടും അനുരജ്ഞ്ഞനം ഉണ്ടാകാതിരിക്കുവാൻ ഉത്സാഹിക്കണം. ഇപ്പോൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തന കാലഘട്ടമാണ്. അവന്റെ ശക്തിയുടെ പ്രവർത്തനത്തിന് ആഴമായി ഇച്ഛിക്കുകയും ആരാധിക്കുകയും മാതൃകാപരമായ സാക്ഷ്യം പുലർത്തുന്നതിന് ആത്മാർത്ഥമായി ഇച്ഛിക്കുകയുംവേണം.

പ്രിയമുള്ളവരെ നമ്മുടെ ഇച്ഛാശക്തി മേൽപ്പറഞ്ഞിരിക്കുന്നവയുമായി യോജിച്ചുപോകുമെങ്കിൽ ഓരോ സഭയ്ക്കും ഓരോ വിശ്വാസിക്കും വേണ്ടിയുള്ള ഈ ഇച്ഛ നമ്മുടെ ഹൃദയങ്ങളും മനസ്സുകളും നിറയ്ക്കുമെങ്കിൽ തീർച്ചയായി ഈ യുഗാവസാനത്തിനു മുൻപും, ക്രിസ്തുവിന്റെ പുനരാഗമനത്തിനു മുൻപ് തന്നെ സീമാതീതമായ രക്ഷയുടെ ശക്തി നാം കാണുകതന്നെ ചെയ്യും. അറിവു മാത്രമുണ്ടായാൽ പോരാ എന്നു നാം അറിഞ്ഞിരിക്കണം. അറിവ് നമുക്കാവശ്യമാണ്. സർവ്വോപരി നമുക്ക് ദൈവശക്തിയാൽ ജ്വലിക്കുന്ന സ്നേഹമുള്ള ഹൃദയവും ഇച്ഛയുമാണാവശ്യം.

Read... Subscribe... Happy Voice

# തിൻമയ്ക്കെതിരെ വിശ്വാസിക്ക് രൂക്ഷമായി പ്രതികരിയ്ക്കാമോ

(തുടർച്ച)

**DR.P.K.Sam-Mallassery**

അങ്ങനെ പ്രസ്തുത അന്തസത്ത ആധാരമാക്കി വിശ്വാസികളായ നമുക്കും സാഹചര്യം വരുമ്പോൾ അല്പം ശക്തിയായി പ്രതികരിക്കരുതോ? അതിലെന്താണ് കുററം. ഞാൻ കാനഡായിലെ ഒരു പോസ്റ്റാഫീസിൽ ജോലി ചെയ്യുമ്പോൾ ഒഴുകി നീങ്ങുന്ന ഒരു ബെൽററിലേക്ക് പോസ്റ്റൽ ബാഗിൽ നിന്നു മെയിൽ കുടഞ്ഞിട്ടുകൊണ്ടിരിക്കയായിരുന്നു. സംസാരിക്കുന്ന കൂട്ടത്തിൽ എന്നോടൊപ്പം ജോലി ചെയ്ത ഒരു സായ്പ് ചെറുക്കൻ പറഞ്ഞു., യേശു വ്യഭിചാരിയുടെ മകനാണെന്ന്. എനിക്ക് ദേഷ്യം വന്ന് അവന്റെ കൊങ്ങായ്ക്ക് പിടിച്ചാണ് പ്രതികരിച്ചത്. യേശു പൈശാചിക ശക്തിക്കെതിരെ പീഠങ്ങളെ മറിച്ചിട്ടെങ്കിൽ എന്റെ രക്ഷകനെ അധിക്ഷേപിച്ചവന്റെ കൊങ്ങായ്ക്ക് ഒന്നു പിടിക്കരുതോ എനിക്ക്. രണ്ടോ മൂന്നോ വർഷം കഴിഞ്ഞ് ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ആ പയ്യൻ രക്ഷയിങ്കലേക്ക് വരുവാനിടയായി. ഹെരോദാ രാജാവിനെ യേശു കുറുക്കനെന്നു വിളിച്ച കാര്യം ശിഷ്യൻമാരിൽ നിന്ന് ഹെരോദാവ് അറിഞ്ഞപ്പോൾ യേശുവിന് ഒരു ചുക്കും സംഭവിച്ചില്ല.

ചില ക്രിസ്ത്യൻ നേതാക്കളെ എനിക്കറിയാം. അവർ രഹസ്യത്തിൽ കോപിക്കുന്നവരും കുടുംബത്തിൽ ദേഷ്യപ്പെടുന്നവരും പ്രതികരിക്കുന്നവരുമാണ്. എന്നാൽ അവർ പൊതുപെരുമാററത്തിൽ സൗമ്യശീലരും അതേ സമയം വിദ്വേഷവാൻമാരുമാണ്. കപടഭക്തി നന്നല്ല. അവർ രോഗികളെ സൗഖ്യമാക്കുവാൻ വരപ്രാപ്തിയുള്ളവരാണെന്ന് അവകാശപ്പെടും. പക്ഷേ അവർ ടോയ്ലററ് റൂമിൽപോയി ആരും കാണാതെ ഗുളിക കഴിച്ചിട്ടായിരിക്കും രോഗവര പ്രാർത്ഥന നടത്താൻ വരിക. അവർക്കിങ്ങനെ പറയരുതോ. എനിക്കും രോഗമുണ്ട് ശൂലമുണ്ട് ഞാനും മരുന്നു കഴിക്കും എന്നിരുന്നാലും വരൂ...വിശ്വാസികളെ, നമുക്ക് ആ പരമ വൈദ്യനായ യേശുവിന്റെ മുമ്പിലേക്ക് പ്രാർത്ഥനയ്ക്ക് കടന്നു വരാം എന്ന്. അത്തരം പ്രതികരണമല്ലേ ദൈവപ്രസാദകരം. സത്യസന്ധമായി പ്രതികരിക്കുമ്പോൾ കോപത്തിന്റേതായ പാപം അവിടെ അവശേഷിക്കുന്നില്ലെങ്കിൽ അനുഗ്രഹത്തിന്റെ കുറവ് ഉണ്ടാകാൻ സാദ്ധ്യത തീരെയില്ലായിരിക്കും.

യിസ്രായേൽ മക്കളുടെ മക്കളുടെ അപ്രതീക്ഷിത പെരുമാററം പാളയത്തിൽ വെച്ച് മോശ കണ്ടപ്പോൾ ദേഷ്യത്തോടു കൂടി പ്രതികരിച്ച് കോപം ജ്വലിപ്പിക്കുകയായിരുന്നു. അവർ ഉണ്ടാക്കിയ കാളക്കുട്ടിയെ തീയിലിട്ട് അരച്ചു പൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രായേൽ മക്കളെ കുടിപ്പിക്കുക കൂടി ചെയ്തു. സ്വന്തജനം ചെയ്യരുതാത്തതു ചെയ്യുമ്പോൾ കഠിനമായി പ്രതികരിച്ചുപോകും. അതാണു മോശയ്ക്കുണ്ടായത്. അതിനു മോശയെ കുററം പറയാനൊക്കുമോ.

➲6



(പുറ 32:19,20). ഇക്കാര്യത്തിൽ ദൈവം മോശയെ ശാസിച്ചതായി വായിക്കുന്നില്ല.

നേതാക്കൾ പാവപ്പെട്ട യഹൂദ ജനങ്ങളെ ചൂഷണം ചെയ്യുന്നുവെന്നും, പ്രഭുക്കൻമാരും പ്രമാണികളും താന്താന്റെ സഹോദരനോട് പലിശ വാങ്ങിയും മററും കഷ്ടപ്പെടുത്തുന്നുവെന്നും നെഹമ്യാവ് കേട്ടപ്പോൾ ശക്തമായി പ്രതികരിക്കയാണുണ്ടായത്. തന്നിമിത്തം നെഹമ്യാവ് ശാസിക്കയും ചെയ്തു.(നെഹ 5:1-12).

ഇന്നും ഇതാണ് സഭകളിൽ നടക്കുന്നത്. ആവശ്യത്തിൽ കവിഞ്ഞ പണവും സ്ഥാവര വസ്തുക്കളും ഉണ്ടെങ്കിലും വീണ്ടും വീണ്ടും അധികം അധികം പദ്ധതികളുണ്ടാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു. എന്നാൽ നെഹമ്യാവിന്റെ പ്രയത്നത്താൽ ജനം ആശ്വസിക്കയും പീഢകരായിത്തീർന്ന നേതാക്കൾ യഥാസ്ഥാനപ്പെടുകയും ചെയ്തപ്പോഴാണ് നെഹമ്യാവിലൂടെ ദൈവപ്രവൃത്തി യിസ്രായേലിൽ ഉണ്ടായത്. ഭവനത്തിലും സഭയിലും സമൂഹത്തിലുമുള്ള പീഢനം മാററി ദൈവപ്രവത്തിയെ അനുഭവിച്ചറിയുക. ഏതായാലും പാപം ഏശത്തക്കവണ്ണം പ്രതികരിക്കരുത്. യേശുവിനെപ്പോലെയോ, മോശയെപ്പോലെയോ നെഹമ്യാവിനെപ്പോലെയോ നാം പ്രതികരിച്ചാൽ അതിൽ അപാകതയോ അനുഗ്രഹക്കുറവോ ഒന്നും വരാനില്ല.എന്നാൽ പ്രതികരിക്കേണ്ട ചില സന്ദർഭങ്ങളിൽ അച്ചടക്കം പാലിച്ച് വിനയാന്വതീനനായിത്തീർന്ന സന്ദർഭങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. കുറേ വർഷങ്ങൾക്കു മുമ്പ് അച്ചൻ കോവിലാററിൽ പ്രമാടം വ്യാഴിക്കടവിൽ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ സുവിശേഷവിരോധികൾ വെള്ളത്തിൽ കൂടി നീന്തി വന്ന് എന്റെ മുഖത്തേക്ക് ശക്തിയായി വെള്ളം ചെപ്പിക്കൊണ്ടിരുന്നു. 12 സ്ഥാനാർത്ഥികളിൽ 4 പേരെ സ്നാനപ്പെടുത്തിക്കഴിഞ്ഞപ്പോഴാണ് എതിർപ്പ് തുടങ്ങിയത്. ഞാനൊട്ടും പ്രതികരിക്കാതെ, കരയിൽ നിന്ന വിശ്വാസികളോട് സംയമനം പാലിക്കണമെന്ന് ആംഗ്യം കാട്ടി വിളിച്ചു പറഞ്ഞു. അവരെല്ലാവരും ദീർഘക്ഷമ കാണിക്കുകയായിരുന്നു. എല്ലാ വിശ്വാസികളും പ്രാർത്ഥിച്ച് ശാന്തരായി നിലകൊണ്ടു.

എല്ലാത്തിനെതിരെയും പ്രതികരിക്കുന്ന രീതി ഒഴിവാക്കി പ്രതികരിക്കേണ്ടിടത്തു യേശുക്രിസ്തു ചെയ്തതുപോലെ പ്രതികരിക്കുന്നത് പ്രസക്തമാണെന്ന് തോന്നുന്നു. ആയതിനാൽ തിൻമയ്ക്കെതിരെ ഒരു വിശ്വാസി രൂക്ഷമായി പ്രതികരിക്കുന്നതിൽ തെററില്ലെന്നാണ് എന്റെ അഭിപ്രായം.

## ക്രിസ്തുമസ്

➲ ബേത്ലഹേം കാലിത്തൊഴുത്തിലൂടെ വന്ന ക്രിസ്തു വൈദേശികനും സ്തബ്ധനാക്കുന്നവനുമായിതോന്നും. എന്നാൽ ക്രിസ്തുവിനെ കാലിത്തൊഴുത്തിൽ നിന്ന് നിന്റെ ഹൃദയത്തിലേക്ക് ക്ഷണിച്ചാൽ അതിന് അർത്ഥമുണ്ടാകുകയും അന്യത്വം നശിക്കുകയും ചെയ്യുന്നു.

➲ നവംബർ ഡിസംബറിനും, ഡിസംബർ ക്രിസ്തുമസിനും,ക്രിസ്തുമസ് പണത്തിനും വഴി മാറിക്കൊടുക്കുന്നു

# ദൈവ സഭ

## അതിനു യേശുവിന്റെ നാമം മാത്രം മതിയായത്

C.H.Mackintosh (തുടർച്ച)

പരിഭാഷ-P.D.Chacko-Kurumathur

ദേശീയ സ്വഭാവമുള്ള സഭാ വിഭാഗങ്ങളും ഇതര പ്രൊട്ടസ്റ്റൻറു സമൂഹങ്ങളും ദൈവവചനത്തിനുസൃതമല്ലാത്ത പല കാര്യങ്ങളും സ്വീകരിക്കയും അനുവർത്തിക്കയും ചെയ്തുവരുന്നുണ്ട്. പാപ്പാ മതത്തെ അനുകൂലിക്കുന്ന കുശാഗ്രബുദ്ധികളായ തല്പര കക്ഷികൾ ഈ വ്യതിയാനങ്ങളിലേക്കു ശ്രദ്ധ തിരിച്ചു അതിനെല്ലാം തെളിവു ചോദിക്കുമ്പോൾ പ്രൊട്ടസ്റ്റൻററു മതത്തിനു ഭവിച്ചിരിക്കുന്ന ക്ഷീണവും മെലിച്ചിലും വ്യക്തമായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

ചില കാര്യങ്ങളിൽ നമുക്കു പാരമ്പര്യങ്ങൾ പിന്തുടരേണ്ടതും പ്രായോഗികതയുടെ വഴികൾ സ്വീകരിക്കേണ്ടതും ആവശ്യമാണെന്നു നാം കരുതുന്നുവെങ്കിൽ ആർക്കാണ് അതിന്റെ പരിധി അല്ലെങ്കിൽ അതിർവരമ്പുകൾ നിശ്ചയിക്കുവാൻ കഴിയുന്നത്. തിരുവെഴുത്തിൽ നിന്നും വ്യതിചലിക്കുവാൻ അനുവാദം നല്കാം എന്നു വന്നാൽപോലും നമുക്ക് എത്ര ദൂരം അങ്ങനെ പോകാം. പാരമ്പര്യത്തിന്റെ അടിസ്ഥാനം സ്വീകരിക്കയാണെങ്കിൽപോലും ആർക്കാണ് അതിന്റെ മേഖലകൾ നിർണ്ണയിക്കുവാൻ കഴിയുക. ദൈവം വെളിപ്പെടുത്തിത്തന്നിട്ടുള്ള ഇടുക്കമുള്ളതും പ്രകാശിതവുമായ പാത നാം വിട്ടു മാറുകയും മാനുഷിക പാരമ്പര്യത്തിന്റെ വീതിയേറിയതും അമ്പരപ്പിക്കുന്നതുമായ ലോകത്തിലേക്കു നാം പ്രവേശിക്കയും ചെയ്യുന്നുവെങ്കിൽ ഒരു മനുഷ്യനെപ്പോലെ മറെറാരാൾക്കും ആവശ്യമായതു തിരഞ്ഞെടുക്കുവാനുള്ള അവകാശമില്ലേ?

മനുഷ്യരുടേതായ ഏതൊരു വ്യവസ്ഥാപിത സഭാ വിഭാഗത്തെയും-മനുഷ്യർ നടത്തിക്കൊണ്ടുപോകുന്ന അത്തരത്തിലുള്ള എല്ലാ കോർപ്പറേഷനുകളെയും സംഘടനകളെയും തീർച്ചയായും പാതാളഗോപുരങ്ങൾക്ക് ജയിക്കുവാൻ സാധിക്കും. കർത്താവിന്റെ ഈ പ്രഖ്യാപനം തങ്ങളുടെ കോട്ടയും ബലവുമാണെന്നു റോമാ സഭ വലിയ ഗർവ്വത്തോടെ അവകാശപ്പെടാറുണ്ടെങ്കിലും അവളുടെമേൽതന്നെ നടന്നതായി കാണുന്നതുപോലെ അത്രയും ഭയാനകമായ രീതിയിലുള്ള ഒരു വിജയം മറെറാരു സഭാ സംഘടനയുടെമേലും നടന്നതായി കാണുന്നില്ല. ജീവനുള്ള ദൈവത്തിന്റെ സഭയല്ലാതെ മറെറാന്നിനും പാതാളഗോപുരത്തെ ചെറുത്തു നില്ക്കുവാൻ സാധിക്കുകയില്ല, കാരണം അതു ജീവനുള്ള കല്ലിൻമേലാണ് പണിതുയർത്തിയിരിക്കുന്നത്. അതിന്റെ പ്രാദേശിക കൂടിവരവിൽ ഒരു പക്ഷേ "കർത്താവിന്റെ നാമത്തിൽ കൂടിവരുന്ന രണ്ടോ മൂന്നോ പേർ മാത്രമെ കാണുകയുള്ളു, വളരെ ദരിദ്രരും ബലഹീനരും നിന്ദ്യരുമായി വിരലിലെണ്ണുവാൻ കഴിയുന്ന അത്രയുംപേർ മാത്രം."

→8



ഇക്കാര്യം നന്നായി മനസ്സിലാക്കുകയും അതിനനുസരിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്താൽ നന്ന്. ക്രിസ്തുവിന്റെ വാഗ്ദത്തം ഒരിക്കലും മാറിപ്പോകയില്ല. സഭയുടെ പ്രാദേശിക കൂട്ടത്തെ പ്രതിഫലിപ്പിക്കുന്നതിനു സാദ്ധ്യമായ ഏററവും ചെറിയ ഒരെണ്ണം മാത്രമെ അവൻ ആവശ്യപ്പെടുന്നുള്ളു, രണ്ടുപേർ, ഇത്രയും ചെറിയ ഒരു എണ്ണത്തിലേക്ക് താഴുവാൻ അവൻ മനസ്സലിഞ്ഞു, അവന്റെ നാമം വാഴ്ത്തപ്പെടട്ടെ. അവന്റെ കൃപ എത്രയോ വലിയത്! അവൻ എത്ര മനസ്സലിവുള്ളവൻ. അവൻ നമ്മുടെ പരിമിതികൾ എത്രയോ നന്നായി മനസ്സിലാക്കുന്നവൻ. അവൾ എത്രയോ ഉന്നതൻ. അവൻ തന്റെ സകല പദവിയും-തന്റ സകല മഹത്വവും-തന്റെ സ്വന്തം സ്വർഗ്ഗീയവും നിലനില്ക്കുന്ന തുമായ നാമത്തിന്റെ സകല പ്രയോജനങ്ങളും തനിക്കു ചുററും കൂടിവരുന്ന ഒരു പിടി സാധാരണക്കാരായ മനുഷ്യർക്കു പകർന്നു നല്കുന്നു.

"രണ്ടോ മൂന്നോ പേർ" എന്നു യേശു കർത്താവു പറഞ്ഞപ്പോൾ ആദിമ നൂററാണ്ടുകളിലും മധ്യകാലഘട്ടങ്ങളിലും ആധുനിക കാലത്തും കിഴക്കൻ രാജ്യങ്ങളിലും പടിഞ്ഞാറൻ രാജ്യങ്ങളിലും വ്യാപകമായി വളർന്നു പടർന്നു പന്തലിച്ചതായി കാണുന്ന വമ്പൻ നാമധേയ സഭാവിഭാഗങ്ങളെക്കുറിച്ചല്ല അവൻ ഉദ്ദേശിച്ചത്. അവയുടെ അനുഗാമികളെയും പങ്കാളികളെയും എണ്ണിക്കാണിക്കുന്നത് "രണ്ടോ മൂന്നോ" എന്ന ക്രമത്തിനല്ല, അതിനു പകരം ദേശങ്ങൾ, പ്രവിശ്യകൾ, ഇടവ കകൾ എന്ന കണക്കു പ്രകാരമാണ്. ഒരു ദേശീയ സഭ എന്നു പറയുന്നതും യേശുവിന്റെ നാമത്തിൽ കൂടിവരുന്ന "രണ്ടോ മൂന്നോപേർ" എന്നു പറയുന്നതും ഒരേ കാര്യത്തെയല്ല സൂചിപ്പിക്കുന്നത, അങ്ങനെയാകാനും കഴിയുകയില്ല. ക്രൈസ്തവ ലോകം എന്നു പറയുന്നത് ഒരു കാര്യം, ദൈവസഭ എന്നു പറയുന്നത് മറെറാന്ന്. ഈ രണ്ടാമതു പറഞ്ഞത് എന്താണെന്നു നമുക്കു നോക്കാം. ഇവിടെ ഞങ്ങൾ പറയുന്നത് മേല്പറഞ്ഞവ രണ്ടും ഒരേ കാര്യങ്ങളല്ല, ഒന്നാകാൻ കഴിയുന്നതുമല്ലായെന്നാണ്. ഏതെങ്കിലും രണ്ടു കാര്യങ്ങൾ തമ്മിൽ ഇവയെക്കാൾ അന്തരമുള്ളതായി കാണുവാൻ പ്രയാസമാണെങ്കിലും അവയെക്കുറിച്ച് പലപ്പോഴും ഒരേ കാര്യങ്ങൾ എന്നപോലെ കൂട്ടിക്കലർത്തി ചിന്തിക്കുന്നതു കാണാറുണ്ട്.

വായനക്കാർ ദയവായി ക്രിസ്തുവിന്റെ ശരീരം എന്ന നിലയിലും ദൈവത്തിന്റെ ഭവനം എന്ന നിലയിലും സഭയെക്കുറിച്ചുള്ള രണ്ടു വീക്ഷണങ്ങൾ തമ്മിലുള്ള അന്തരം വ്യക്തമായി ചിന്തിച്ചു മനസ്സിലാക്കേണ്ടതാണ്.(എഫെ 1:22,1 കൊ 12 എന്നീ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ ശരീരം എന്ന നിലയിലുള്ള വീക്ഷണം കാണുന്നു.(എഫെ 2:21,1 കൊ 3, 1 തിമൊ 3 എന്നീ ഭാഗങ്ങളിൽ ദൈവത്തിന്റെ ഭവനം എന്ന നിലയിലും സഭയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇവ തമ്മിലുള്ള അന്തരം നോക്കി മനസ്സിലാക്കുന്നത് കൗതുകകരമാണ്. അതിപ്രധാനവും. (തുടരും)

> *ഒരു സംസ്ഥാനത്ത് ദരിദ്രനെ പീഡിപ്പിക്കുന്നതും നീതിയും ന്യായവും എടുത്തു കളയുന്നതും കണ്ടാൽ നീ വിസമയിച്ചുപോകരുത്; ഉന്നതനു മീതെ ഒരു ഉന്നതനും അവർക്കു മീതെ അത്യുന്നതനും ജാഗരിക്കുന്നു. (സഭാ പ്രസംഗി)*

# Gujarat Brethren Bible Institute

# യൂത്ത് മീററിംഗും സുവിശേഷയോഗങ്ങളും സമാപിച്ചു.

- വിവിധ ഗ്രാമങ്ങളിലുള്ള 60-പേർ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു.
- 120-പേരുള്ള ഒരു സഭ പുതിയനിയമ ഉപദേശത്തിനു അനുസരണമായി ചേർന്നുപോകുവാൻ തീരുമാനിച്ചു.
- ബ്രദർ.ഫിലിപ്പ് കുട്ടിയുടെ ശക്തമായ വചന സന്ദേശം.
- 2010- ലെ മെഗാ കൺവെൻഷന്റെ പരിണതഫലം.

ദൈവത്തിന്റെ അളവററ കൃപയാൽ 2011 നവംബർ 1 മുതൽ 3 വരെ തപി ജില്ലയിലെ ഗാൽക്കഡി ഗ്രാമത്തിൽ മൂന്നു ദിവസത്തെ യൂത്ത് മീററിംഗും രാത്രിയിൽ സുവിശേഷയോഗങ്ങളും അനുഗ്രഹകരമായി നടന്നു. ബ്രദർ.ഫിലിപ്പ് കുട്ടി- പുനലൂർ വചനം സംസാരിക്കയും ബ്രദർ.ടി.സി. വർഗ്ഗീസ്- പരിഭാഷപ്പെടുത്തുകയും ചെയ്തു. ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടാണ് ക്രമീകരണം നടത്തിയത്. ഓരോ ദിവസവും വിവിധ ഗ്രാമങ്ങളിലുള്ള 120 യുവതീ യുവാക്കൻമാർ ആദ്യാവസാനം പങ്കെടുത്തു.

രക്ഷ,സ്നാനം,ആരാധന, തിരുവത്താഴം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ബ്രദർ. ഫിലിപ്പ് കുട്ടി ആധികാരികമായും ലളിതമായും ക്ളാസ്സുകൾ എടുത്തു. പങ്കെടുത്ത ഭൂരിഭാഗം പേരും ആദ്യമായാണ് ഇത്തരത്തിലുള്ള വിഷയങ്ങൾ ശ്രവിക്കുന്നത്. രക്ഷിക്കപ്പെടാതെ സ്നാനപ്പെട്ടവരായിരുന്നു നിരവധി പേർ. എന്നാൽ ബ്രദർ.ഫിലിപ്പ് കുട്ടി രക്ഷയെക്കുറിച്ച് പഠിപ്പിക്കുകയും വചന പ്രകാരം രക്ഷിക്കപ്പെടാതെയിരിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർ എഴുന്നേററു നില്ക്കണമെന്നും പരസ്യമായി ഏററു പറയണമെന്നും ആഹ്വാനം ചെയ്തപ്പോൾ 60 യുവതീ യുവാക്കൻമാർ എഴുന്നേററു നിന്ന് പരസ്യമായി വായ്കൊണ്ട് ഏററ് പറഞ്ഞ് കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവത്തിന്റെ ആത്മാവിന്റെ ശക്തമായ ഇടപെടൽ അനുഭവിച്ചറിഞ്ഞു. ഒരു വലിയ കൊയ്ത്തായിരുന്നു ആദ്യദിവസം തന്നെ നടന്നത്.

പ്രിയ ദൈവജനമെ, ഗുജറാത്തിലെ വിവിധ ഗ്രാമങ്ങൾ കൊയ്ത്തിനായി വിളഞ്ഞു കിടക്കുകയാണ്. ആത്മ ഭാരമുള്ളവർ എഴുന്നേല്ക്കണം. കൊയ്ത്തിനു പോകുവാൻ വേലക്കാരെ നാം തയ്യാറാക്കണം. അതിനുവേണ്ടുന്ന സാഹചര്യങ്ങൾ നാം ഒരുക്കിക്കൊടുക്കണം. ഭിന്നതകളും, വടംവലികളും, ഞാൻ എന്ന ഭാവവും വെടിയണം. ദൈവജനങ്ങൾ മുന്നോട്ടുവരിക.



പ്രാദേശിക ഭാഷക്കാരായവരെ നാം പ്രോത്സാഹിപ്പിക്കണം. നമുക്കു ചെയ്യാൻ പററാത്ത കാര്യങ്ങൾ അവരെക്കൊണ്ടു നമുക്കു ചെയ്യിക്കാൻ സാധിക്കും. കർത്താവിനു കഴിവുള്ളവരെയല്ല സാധാരണക്കാരെയാണ് ആവശ്യം. ഈ ഗ്രാമങ്ങളിലെ രണ്ടു സഹോദരൻമാർ അടുത്ത മാർച്ചിൽ ജിബിബിഐ യിലെ രണ്ടുവർഷ പഠനം പൂർത്തീകരിക്കും. ഇവർക്കുവേണ്ടിയും പ്രാർത്ഥിക്കുക.

യൂത്ത് മീററിംഗിനുവേണ്ടി പ്രാർത്ഥിച്ച എല്ലാ ദൈവജനങ്ങൾക്കും നന്ദി.

## യൂത്ത് മീററിംഗ് ചില ദൃശ്യങ്ങൾ



ബ്രദർ.കെ.ഫിലിപ്പ് കുട്ടി വചനം സംസാരിക്കുന്നു.(വലത്) പരിഭാഷ.ടി.സി.വർഗ്ഗീസ്



യൂത്ത് മീററിംഗിൽ പങ്കെടുത്തവർ അതിഥികളോടൊപ്പം



വചന പഠനത്തിനായി ആകാംക്ഷയോടെ യുവതീ യുവാക്കൾ

## Pray & Support

- Gujarat Brethren Bible Institute
- Happy Voice Magazine
- Village Evangelism
- Church Planting Ministry

# Gujarat Brethren Bible Institute

**VBS**
**VBS**
**VBS**

2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഗുജറാത്തിലെ മൂന്നു ജില്ലകളിലെ 15 ഗ്രാമങ്ങളിൽ 15 വി.ബി.എസ് നടത്തുവാനായി ക്രമീകരണം ചെയ്തു വരുന്നു. ഓരോ ഗ്രാമങ്ങളിലും 120 കുഞ്ഞുങ്ങളെ വീതമാണ് പങ്കെടുപ്പിക്കുന്നത്.

ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഗുജറാത്തി ഭാഷയിൽ പ്രത്യേകം തയ്യാറാക്കുന്ന ലളിതമായ പുസ്തകമാണ് ഓരോ ഗ്രാമങ്ങളിലും വിതരണം ചെയ്യുക. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യം.

(സൈമൺ പയ്യന്നൂർ)

# Mega Convention

**Place:**
**Ghalkadi Village Ground**

**Date:**
**October 2012.**

**Speaker:**
**Bro.Philip Kutty-Punalur**

**Gospel Music by: Bro.Edwin Paul & Team**

**പ്രത്യേകത:**

**വടക്കേയിന്ത്യൻ ബ്രദറൺ സഭകളുടെ ചരിത്രത്തിൽ ആദ്യമായി ജാതിമതഭേദമെന്യേ പതിനായിരം പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബ്രദറൺ മെഗാ കൺവെൺഷൻ.**


**പ്രാർത്ഥിക്കുക**

- **നിരവധിപേർ രക്ഷയിങ്കലേക്കു വരുവാൻ**
- **ശക്തമായ വചനപ്രഘോഷണത്തിനായി ബ്രദർ.ഫിലിപ്പ് കുട്ടിക്ക് കൃപ ലഭിപ്പാൻ.**
- **അധികൃതരുടെ അനുമതി ലഭിപ്പാൻ.**
- **അനുകൂലമായ മററ് സാഹചര്യങ്ങൾ ഒരുക്കപ്പെടുവാൻ....**

**Organized by:**

**Gujarat Brethren Bible Institute.**





# ഗാനക്വിസ്. 140



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഡിസംബർ 30 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. സന്തതം ഈ പാഴ്മരുവിൽ പാത കാട്ടിടുന്നോനെ**
**സാന്ത്വനം നൽകി നിരന്തം കാത്തിടുന്നോരാത്മാവേ-**

**ഗാനക്വിസ് 138-ന്റെ ഉത്തരവും വിജയികളുടെ പേരുകളും...**

**അൻപിൻ ദൈവമെന്നെ**
**നടത്തുന്ന വഴികൾ അത്ഭുതമേ..**
**രചയിതാവ്:- അനിയൻ വർഗ്ഗീസ്**

1Omana Varghese-Jabalpur
2.ThankammaVarghese-Edayaranmula
3. Kunjamma Benny-Pathanapuram
4.Thomas.T.George-Mylapra
5.T.Lilly Poulose-Secunderabad
6.Victoria George-Trichur
7.Magi Simon -Peramangalam
8.M.V.Samuel-Tiruvalla
9.Saly Baby-Secunderabad
10.John Benjami-Chepra
11.J.V.Anie-Trivandrum

## പുതിയ സഭാ സ്ഥാപനം

2010 ഫെബ്രുവരിയിൽ ജി.ബി.ബി.ഐ നടത്തിയ മെഗാകൺവെൻഷന്റെ പരിണതഫലമാണ് ഈ ഗ്രാമത്തിലെ ഒരു സ്വതന്ത്ര സഭ പുതിയ നിയമത്തിനനുസരണമായി ചേർന്നു വരുവാൻ കാരണമായത്. ബ്രദർ.ജോസ് മാത്യു-മംഗലാപുരം,ജോൺസൺ ബേബി-ന്യൂഡൽഹി തുടങ്ങിയവരായിരുന്നു അന്ന് ശുശ്രൂഷയ്ക്കായി കടന്നു വന്നത്. രണ്ടു വർഷത്തോളം ഞങ്ങൾ പ്രാർത്ഥിച്ചു വരികയായിരുന്നു. എന്നാൽ ബ്രദർ.ഫിലിപ്പ് കുട്ടി-പുനലൂർ പങ്കെടുത്ത മീററിംഗിൽ ഔദ്യോഗികമായി പ്രാർത്ഥിച്ച് ഒരു തീരുമാനത്തിലെത്തി.

ഗാന്ധിധാമിൽ നിന്നും 700-കി.മി. ദൂരെയാണ് ഈ സ്ഥലം. ഈ സഭയെ ഉപദേശ സത്യങ്ങളും മററും പഠിപ്പിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ഞങ്ങളുടെ മുമ്പിലുള്ളത്. 120-പേർ ആണ് ഈ സഭയിൽ ഉള്ളത്. ഭൂരിഭാഗംപേരും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടവരാണെങ്കിലും ഉപദേശ വിഷയങ്ങളെ സംബന്ധിച്ചുള്ള ഗ്രാഹ്യം കുറവാണ്. ഈ സഭയിലുള്ള രണ്ടു സഹോദരൻമാർ ജി.ബി.ബി.ഐ രണ്ടാം വർഷ വിദ്ധ്യാർത്ഥികളാണ്. ബദർ.ഗുമൺഗമ്മിത് കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു.ഇവർക്കുവേണ്ടി പ്രാർത്ഥിക്കുക. ഒരു ബ്രദറൺ ആത്മിയ ചലനം തപി ജില്ലയിൽ 2012 -ൽ ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇവിടുത്തെ പ്രവർത്തനങ്ങളെ നേരിട്ടുകാണുവാനും,ചില ദിവസങ്ങളിലെ ബൈബിൾ ക്ളാസ്സുകൾ എടുക്കുവാനും താത്പര്യമുള്ളവരെ ഞങ്ങൾ ക്ഷണിക്കുന്നു. ബന്ധപ്പെടുക- **സൈമൺ പയ്യന്നൂർ -09825169406.**

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി


**Chief Editor:**

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

**Editors:**

P.V.JOSE - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

E.S.THOMAS-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

**Representatives:-**

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906


**Annual Subscription;-**

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

**Please Mail :-**

Articles, Letters, Subscription, Contribution to;


SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in


OR

SIMON PAYYANUR
A/c .NO.10316650005
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

## Gujarat Brethren Bible Institute News

ജി.ബി.ബി.ഐ യുടെ ഒരു വർഷ കോഴ്സിന്റെ 10--ാമത്തെ ബാച്ചിന്റെ ക്ളാസ്സുകൾ ഏഴാം മാസത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഡിസംബർ 18 മുതൽ 28 വരെ ക്രിസതുമസ് അവധിയായിരിക്കും. ഈ ഇൻസ്റ്റിററ്യൂട്ടിനുവേണ്ടി ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

Gujarat Brethren Bible Institute
Plot.No.147,Sector.7
Gandhidham.370201.Kutch.Gujarat.

**Pray...Pray...Pray**

# Gujarat Brethren Bible Institute

## ALUMNI GET TOGETHER
## &
## GRADUATION CEREMONY
## (10th batch)

Date: 23,24,25 March 2012.

Place: GBBI Campus

Speaker:

## Bro: C.M.Jacob-Sharjah

Gospel Music by: Edwin Paul-Faridabad

- ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സഹോദരൻമാരുടെ ഒത്തുചേരൽ
- ബൈബിൾ ക്ളാസ്സ്, പൊതുയോഗം... തുടങ്ങിയ പരിപാടികൾ.